REAL RETURNS

Key lessons from IRCTC saga

The recent episode shows why even seasoned investors are very choosy about fancied PSU stocks

AARATI KRISHNAN

Stocks of Public Sector Undertakings (PSUs) in India are generally held to be boring bets for investors, given that they operate in old economy businesses, rarely go in for exciting corporate moves such as new business forays, buyouts or mergers, and faithfully maintain a high dividend yield by coughing up payouts at their promoter's behest.

But Indian Railway Catering and Tourism Corporation (IRCTC), the monopoly ticketing arm of Indian Railways, has behaved in a very non-PSU like fashion right from its IPO in October 2019. With the offer made at a throwaway price of ₹320, the share more than doubled on listing and was up fourfold within fifteen months, scaling ₹1400 by January 2021.

A dizzying rise....

It had good reason to do so. Though two waves of Covid had battered IRCTC's revenues and profits in FY21 to a third of FY20 levels, IRCTC continued to seed new revenue streams during the pandemic.

It flagged off hotel, bus and airline ticketing services, launched domestic and international tour packages, debuted its own payment gateway and scaled up its insurance and co-branded credit card business, while bidding for private train routes put on block by the Railways. It also took the first steps towards monetising its mammoth 6 crore user base with cross-selling and advertising.

This helped the investor community forget its pathological aversion to PSUs, to imagine a rosy future for IRCTC. The stock's PE scaled three digits as analysts modelled a fivefold bounce in its earnings by FY23. This was based on the Railways getting back to business-as-usual (which would restore IRCTC's internet ticketing, catering and bottled water revenues) and adding to its bottomline from its nascent new businesses. Talk of new ticketing opportunities from AC 3 coaches and the pricing power enjoyed by IRCTC on convenience fees added to its bull case, helping the stock's pricey PE of 150-200 times in mid-2021, scale dizzying heights of over 320 times by October 2021, prompting entertaining Twitter face-offs between IRCTC fans and haters.

And a sharp setback

But if private promoters in this situation would have done everything to keep the rosy narrative going, PSUs' promoter - the Indian government - works in mysterious ways. A stock exchange intimation by IRCTC post-market hours on October 28 blandly intimating that the Ministry of Railways had 'decided' to 'share' 50 per cent of IRCTC's convenience fees from November, dealt a nasty surprise to its fans.

Though internet ticketing brought in just 27 per cent of its revenues in FY20 and sharing it would deprive it of just ₹150-300 crore a year in convenience fees (depending on one's forecast for FY23/24), ticketing is IRCTC's key margin-generator accounting for over three-fourths of its earnings. A lot of the bullish narrative around an expanding profit pool for the company was also built around its ticketing business.

The filing therefore prompted sell-side analysts to burn the midnight oil to revise their excel models. Overnight IRCTC found its FY23/24 earnings projections lowered by 25-30 per cent, with a sharp PE de-rating predicted.

Stock price action on Friday did not disappoint the bears, with the stock losing 25 per cent shortly after opening to a post-split price of ₹639, erasing nearly ₹20,000 crore in market cap. Even as this prompted some teeth-gnashing about the Government's folly in giving up ₹13,000 crore of market wealth (it owns 67 per cent) to gain ₹150-300 crore in revenue, pre-noon parleys between the company and the Railway Board seemed to yield results. By 11 am, business channels were beaming 'breaking news' on the Railway Ministry changing its mind, with the Secretary of DIPAM (earlier the disinvestment ministry) confirming that the Railways Ministry has rethought its decision. This caused the stock to forge an equally steep climb.

Lessons

The IRCTC saga reiterates some age-old learnings about PSU stocks that makes seasoned investors very choosy about them.

One, the left hand of the government may not know what the right hand is doing. Even if the Centre is a majority stake-holder in a listed PSU, the Ministry controlling it may make shareholder-unfriendly moves that prioritise its own interests over that of the shareholders.

Two, Government monopolies, unlike private monopolies, often do not have pricing power. They operate at the mercy of their respective ministries, which may prioritise social good or political popularity over shoring up the profits of the PSU. The losing battle that activist UK fund The Children's Investment Fund fought with Coal India, about government interference in its pricing decisions and NMDC's inability to fully cash in on global iron ore rallies, are evidence of this. IRCTC's own convenience fees and the Railways' share in it have been altered quite often in the past. Pre-listing, the Ministry of Railways used to share IRCTC's convenience fees 50:50. Just before its IPO, the Centre took a decision to 'waive' IRCTC's fee completely, decimating a key revenue and profit source. The fee was later partly restored post listing. Even last year, the Railways' changing policies on catering contracts have raised doubts on the sustainability of IRCTC's catering profits. The latest fee-sharing saga should therefore prompt IRCTC fans to keep the promoter risk in mind, while modelling earnings and according eye-watering valuations to the stock.

Three, despite the Centre's keenness to divest, Ministries in it often prove clueless about the concept of corporate governance that requires giving minority shareholders a fair deal post-listing. Ministry bosses often continue to look upon listed PSUs as their fiefdom. The IRCTC saga has as clearly shown that DIPAM, under this government, is not asleep at the wheel and can act swiftly to reverse market-alienating decisions of babudom.

All this apart, the IRCTC roller-coaster also underlines the importance of investors not giving in to hair-trigger reactions, when responding to market events. Investors who sold their IRCTC shares in panic at lows would be ruing their decision to jump off a still-racing train.

That the stock showed a build-up in buying volumes ahead of the official announcement to withdraw the sharing arrangement, also shows that the market (or insiders in it) often know far more about a company's actions than you would imagine. If you find a stock behaving in a fashion that you think to be completely irrational after a news event, take time to digest it and gather all the information, without acting impulsively. Budget for the possibility that the market may be right and you may be wrong.

The IRCTC saga also demonstrates the brutality and quickness with which the market can punish a highly fancied (and expensively priced) 'quality' stock, when there's an alteration to the bull case it has imagined. Taking the right decisions (to hold, sell or buy) through such periods of pain is an essential part of a multi-bagger journey, which is why equity returns are never easily made.

RISK & REWARD

Taking right decisions through periods of pain is an essential part of multi-bagger journeys, which is why equity returns are not easily made

Scan & Share

TAX QUERY

SUDHAKAR SETHURAMAN

I took a single premium insurance policy, paying a premium of one lakh rupees on April 4, 2012. The policy, which matures next year in April 2022, gives an insurance coverage (sum assured) of ₹109,450. Due to medical exigencies, I intend to surrender this policy prematurely, and I will get an amount of around ₹235,000. Am I required to pay tax on the excess amount of ₹135,000? The rule regarding insurance coverage being at least 10 times the premium paid, came into vogue only in September 2012, and hence in my view, is not applicable to this policy. What's your view on this? The insurance company is likely to deduct 5 per cent as TDS. Will the situation regarding tax, change if I allow the policy to run its course till next year?

A.R. RAMANARAYANAN

Maturity proceeds arising from insurance policies that are issued on or after April 1, 2012 are exempt from taxation provided premium paid does not exceed 10 per cent of the sum assured. In your case considering the fact that premium paid is more than 10 per cent of the sum assured, the maturity amount received shall be taxable in your hands. The insurance company would deduct 5 per cent taxes on the net proceeds i.e. on ₹135,000 as per section 194DA of the Act. Even if you allow the policy to run till next year, the maturity proceeds would be taxable in your hands as the same do not satisfy the conditions laid out under section 10(10D) of the Act as clarified above.

The writer is Partner, Deloitte India
Send your queries to **taxtalk@thehindu.co.in**

ALERTS

e-ATMs for MF

ICICIdirect, an online platform for investments, protection and loan products, has launched e-ATM for mutual funds.

With this, customers will get instant payout on their MF redemption orders, compared to 2-4 working days in the normal cycle.

With e-ATM for MFs, ICICIdirect customers would get 50-70 per cent of their MF redemption value within 30 minutes, and balance amount as per the payout cycle of the fund, which can be 2-4 working days.

Maximum redemption is capped at ₹10 lakh per customer right now. If client redeems amount after 7:30 pm s/he will get the redemption at 10 am the next working day.

e-ATM for MFs can be availed by resident individuals holding their equity, debt, and liquid schemes in demat units. It is also available for domestic schemes with international exposure. The facility comes at a nominal cost.

നാളെമുതൽ സർക്കാർ ഡോക്ടർമാരുടെ നിൽപ്പ് സമരം

തിരുവനന്തപുരം: ശമ്പളവും ആനുകൂല്യങ്ങളും വെട്ടിക്കുറച്ചതിനെതിരെ സർക്കാർ ഡോക്ടർമാർ സെക്രട്ടേറിയറ്റ് പടിക്കൽ നാളെ മുതൽ നിൽപ് സമരം ആരംഭിക്കും.

പല തവണ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും യാതൊരു വിധ പരിഗണനയും വിഷയത്തിൽ ഉണ്ടായിട്ടില്ല. കോവിഡ് കാലത്തും കടുത്ത അവഗണനയും നീതിനിഷേധവും സർക്കാർ ഡോക്ടർമാരോടുണ്ടായതിനെ തുടർന്നാണ് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പരസ്യപ്രതിഷേധത്തിന് നിർബന്ധിതരാ തെന്നു കെ.ജി.എം.ഒ.എ. പ്രസിഡന്റ് ഡോ. ജി.എസ്. വിജയകൃഷ്ണൻ, ജനറൽ സെക്രട്ടറി ഡോ. ടി.എൻ. സുരേഷ് എന്നിവർ പറഞ്ഞു.

നവംബർഒന്നിനു രാവിലെ പത്തിനു കെ.ജി.എം.ഒ.എ മുൻ സംസ്ഥാന പ്രസിഡന്റ് ഡോ: എസ് പ്രമീളദേവി സമരം ഉദ്ഘാടനം നിർവഹിക്കും. സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്ന് പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ഡിഎംഒ - ഡിഎച്ച്എസ് ഓഫീസ് വരെയുള്ള സ്ഥാപനങ്ങളിലെ ഡോക്ടർമാർ പ്രതിഷേധത്തിൽ പങ്കെടുക്കും. ഈ പ്രതിഷേധവും സർക്കാർ അവഗണിക്കുകയാണെങ്കിൽ നവംബർ 16ന് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ കൂട്ട അവധി എടുത്തുകൊണ്ട് പ്രതിഷേധത്തിലേക്ക് നീങ്ങുമെന്നും ഭാരവാഹികൾ പറഞ്ഞു.

ചെറിയാൻ ഇറങ്ങി, ശോഭന വരും

സി.പി.എം. അംഗത്വത്തിന് ശോഭനാ ജോർജ് കത്തു നൽകി

● ആർ. സുരേഷ്
തിരുവനന്തപുരം

■ ശോഭനാ ജോർജ്

കോൺഗ്രസിലേക്ക് ചെറിയാൻ ഫിലിപ്പ് മടങ്ങിയതിനു പിന്നാലെ, കോൺഗ്രസ് വിട്ട് ഇടതുമുന്നണിയിലെത്തിയ മറ്റൊരു നേതാവായ ശോഭനാ ജോർജ് സി.പി.എം. അംഗത്വത്തിന് അപേക്ഷ നൽകി. ആലപ്പുഴ ജില്ലാ സെക്രട്ടറി ആർ. നാസറിനാണു പാർട്ടി അംഗത്വം ആവശ്യപ്പെട്ട് അപേക്ഷ നൽകിയത്. പാർട്ടി സമ്മേളനങ്ങൾ നടക്കുന്ന സാഹചര്യത്തിൽ അതിനുശേഷം മാത്രമായിരിക്കും അപേക്ഷ പാർട്ടി പരിശോധിക്കുക. സി.പി.എമ്മിന്റെ നടപടിക്രമം അനുസരിച്ച് ആദ്യം കാൻഡിഡേറ്റ് അംഗത്വം നൽകുകയും പിന്നീട് ബ്രാഞ്ച് അംഗമാക്കുകയുമാണു പതിവ്.

ഇരുപതു വർഷത്തെ ഇടതുസഹവാസം മതിയാക്കി ചെറിയാൻ ഫിലിപ്പ് കോൺഗ്രസിലേക്കു മടങ്ങിയതോടെ കോൺഗ്രസിൽനിന്നു സി.പി.എമ്മിലെത്തിയ നേതാക്കൾ സമ്മർദത്തിലായിരുന്നു. ഉത്തരത്തിലുള്ള നേതാക്കൾക്കെതിരേ വളരെ മോശമായ ട്രോളുകൾ ഉൾപ്പെടെ സാമൂഹികമാധ്യമങ്ങളിൽ പ്രചരിക്കുകയും ചെയ്തു. പ്രത്യേകിച്ച് ചെറിയാൻ ഫിലിപ്പിന്റെ ബന്ധു കൂടിയായ ശോഭനാ ജോർജിനെതിരേ വളരെ മോശമായ പ്രചാരണമാണു സാമൂഹികമാധ്യമങ്ങളിൽ ആരംഭിച്ചത്.

ഇതിനു പിന്നാലെയാണ് പാർട്ടി അംഗത്വത്തിന് ശോഭനാ ജോർജ് സി.പി.എം. നേതൃത്വത്തെ സമീപിച്ചത്. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പ് കാലത്താണ് ശോഭനാ ജോർജ് കോൺഗ്രസ് വിട്ടത്. തുടർന്ന് അവർ ഇടതുമുന്നണിയുമായി സഹകരിച്ച് പ്രവർത്തിക്കുകയായിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കേരള ഖാദി ബോർഡ് ഉപാദ്ധ്യക്ഷ സ്ഥാനവും അവർക്ക് നൽകിയിരുന്നു. ഇക്കുറി ചെറിയാൻ ഫിലിപ്പിനാണ് ആ സ്ഥാനം നൽകിയതെങ്കിലും അതു നിരസിച്ചാണ് അദ്ദേഹം കോൺഗ്രസിലേക്കു മടങ്ങിയത്.

ചെറിയാൻ ഫിലിപ്പിനെ സഹയാത്രികനാക്കിയത് അബദ്ധമായി: പി.സി.ചാക്കോ

കല്‍പ്പറ്റ: ചെറിയാൻ ഫിലിപ്പിനെ സഹയാത്രികനാക്കിയതാണ് സി.പി.എമ്മിനു സംഭവിച്ച അബദ്ധമെന്ന് എൻ.സി.പി. സംസ്ഥാന അധ്യക്ഷൻ പി.സി. ചാക്കോ. വേണ്ടത്ര യോഗ്യതയുണ്ടാകാതിരുന്നിട്ടും രണ്ടു പ്രധാന സ്ഥാനങ്ങളാണ് സി.പി.എം. ചെറിയാൻ ഫിലിപ്പിന് നൽകിയത്. അതിനേക്കാൾ വലിയ സ്ഥാനങ്ങൾ മോഹിച്ച് കോൺഗ്രസിലേക്ക് തിരിച്ചുപോയത് അദ്ദേഹത്തിന്റെ രാഷ്ട്രീയ പാപ്പരത്തമാണെന്നും പി.സി. ചാക്കോ കല്‍പ്പറ്റയിൽ മാധ്യമപ്രവർത്തകരോടു പറഞ്ഞു.

ട്രെയിനുകളിൽ ജനറൽ കമ്പാർട്ടുമെന്റുകൾ നാളെ മുതൽ

പാലക്കാട്: നാളെ മുതൽ പാലക്കാട് ഡിവിഷനിലെ ഏഴു സ്പെഷൽ ട്രെയിനുകളിൽ റിസർവേഷൻ ഇല്ലാതെ യാത്ര ചെയ്യാവുന്ന ജനറൽ കമ്പാർട്ടുമെന്റുകൾ പുനഃസ്ഥാപിക്കും.

നാളെ മുതൽ ജനറൽ കോച്ചുകൾ പുനഃസ്ഥാപിക്കുന്ന ട്രെയിനുകൾ: തിരുച്ചിറപ്പള്ളി ജങ്ഷൻ-പാലക്കാട് ടൗൺ -തിരുച്ചിറപ്പള്ളി ജങ്ഷൻ (06843/06844), കണ്ണൂർ-കോയമ്പത്തൂർ ജങ്ഷൻ-കണ്ണൂർ എക്സ്പ്രസ് സ്പെഷൽ (06607/06608), നിലമ്പൂർ റോഡ്-കോട്ടയം-നിലമ്പൂർ റോഡ് എക്സ്പ്രസ് (06325/06326), ഷൊർണൂർ ജങ്ഷൻ-തിരുവനന്തപുരം ജങ്ഷൻ-ഷൊർണൂർ ജങ്ഷൻ വേണാട് എക്സ്പ്രസ് (06301/06302), ആലപ്പുഴ-കണ്ണൂർ-ആലപ്പുഴ എക്സ്പ്രസ് സ്പെഷൽ (06307/06308), എറണാകുളം-കണ്ണൂർ-എറണാകുളം ഇന്റർസിറ്റി (06305/06306).

കോയമ്പത്തൂർ ജങ്ഷൻ-മംഗളൂരു സെൻട്രൽ-കോയമ്പത്തൂർ ജങ്ഷൻ (06323/06324) സ്പെഷൽ ട്രെയിനിൽ നവംബർ 10 മുതലാണ് ജനറൽ കോച്ചുകൾ ഉണ്ടാവുക. ഇതിനുപുറമേ യാത്രക്കാർക്കുള്ള സീസൺ ടിക്കറ്റുകളും നാളെമുതൽ കൊടുത്തുതുടങ്ങും. കോവിഡ് വ്യാപനത്തെതുടർന്ന് നിർത്തിവെച്ച ട്രെയിൻ സർവീസ് പുനഃരാരംഭിച്ചപ്പോൾ തിരക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായാണ് ജനറൽ കമ്പാർട്ടുമെന്റുകൾ ഒഴിവാക്കിയത്. ഇവ പുനഃസ്ഥാപിക്കുന്നതോടെ ദിവസേന ജോലി ആവശ്യത്തിനും മറ്റും പോയി വരുന്നവർക്കും സാധാരണ യാത്രക്കാർക്കും വലിയ ആശ്വാസമാകും.

ഫസ്റ്റ് ബെൽ നാളെ അടിക്കും

സ്കൂൾ തുറക്കൽ: തയാറെടുപ്പുകൾ പൂർത്തിയായതായി വിദ്യാഭ്യാസ മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് സ്കൂളുകൾ തുറക്കുന്നതിനുള്ള തയാറെടുപ്പുകൾ പൂർത്തിയായതായും ആശങ്ക വേണ്ടെന്നും വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. ശരീര ഊഷ്മാവ് പരിശോധിക്കുന്നതിനു 24,300 തെർമൽ സ്കാനറുകൾ സ്കൂളുകളിൽ വിതരണം ചെയ്തു. തെരഞ്ഞെടുപ്പിന് ഉപയോഗിച്ച ഉപകരണങ്ങളാണിതെന്നും സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ടു നടത്തിയ പത്രസമ്മേളനത്തിൽ മന്ത്രി അറിയിച്ചു.

15,452 സ്കൂളുകളിൽ ഫിറ്റ്നസ് ലഭിക്കാനുള്ളവയുടെ എണ്ണം 446 ആണ്. 1,474 സ്കൂളുകളിൽ സ്കൂൾ ബസ്സുകൾ പ്രവർത്തനക്ഷമമാകാനുണ്ട്. വാക്സിൻ എടുക്കാത്ത അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണം 2609 ആണ്. വാക്സിനെടുക്കാത്ത അധ്യാപകർ -2282, വാക്സിനെടുക്കാത്ത അനധ്യാപകർ -327.

സോപ്പ്, ഹാൻഡ് വാഷ്, ബക്കറ്റ് എന്നിവ വാങ്ങുന്നതിന് 2.85 കോടി രൂപ സ്കൂളുകൾക്കു നൽകി. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് ചെലവുകൾക്കായി 105.5 കോടി രൂപ സ്കൂളുകൾക്കു മുൻകൂറായി കയായ 45 കോടി രൂപയും മുൻകൂറായി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. പി.ടി.എ ജനറൽ ബോഡി ഓൺലൈനായി ചേർന്നു ഭാരവാഹികളെ തെരഞ്ഞെടുക്കാൻ നിർദേശിച്ചിട്ടുണ്ട്.

ഇതിനു ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യങ്ങളിൽ ഓൺലൈനായി ജനറൽബോഡി ചേർന്ന് ഒരു അഡ്ഹോക് കമ്മിറ്റി തെരഞ്ഞെടുക്കാനുള്ള നിർദേശം നൽകിയതായും മന്ത്രി അറിയിച്ചു. നൽകിയിട്ടുണ്ട്. പാചക തൊഴിലാളികളുടെ ഓണറേറിയം തു

മരക്കാർ തിയറ്ററിൽ ഗർജിക്കില്ല

● മിനിമം ഗാരണ്ടിതുക വേണമെന്ന നിർമാതാവ് ആന്റണി പെരുമ്പാവൂരിന്റെ ആവശ്യം തിയറ്റർ ഉടമകൾ തള്ളിയതോടെ ചിത്രം ഒടിടിയിലേക്ക്



കൊച്ചി: "മരക്കാർ അറബിക്കടലിന്റെ സിംഹം" മോഹൻലാൽ-പ്രിയദർശൻ സിനിമയുടെ റിലീസ് ഒ.ടി.ടി. പ്ലാറ്റ്ഫോമിലേക്ക്. തിയറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിന് മിനിമം ഗാരണ്ടിതുക വേണമെന്ന നിർമാതാവ് ആന്റണി പെരുമ്പാവൂരിന്റെ ആവശ്യം തിയറ്റർ ഉടമകൾ തള്ളിയതോടെയാണ് ചിത്രം ഡിജിറ്റൽ റിലീസിന് ഒരുങ്ങുന്നത്. ഈ വിഷയത്തിൽ അനുരഞ്ജനത്തിനായി തിയറ്റർ ഉടമകളുടെ സംഘടനയായ ഫിയോക്ക് നടത്തിയ ചർച്ച പരാജയപ്പെട്ടു.

അഡ്വാൻസ് തുകയായി ഓരോ തിയറ്ററും 25 ലക്ഷം രൂപ വീതം നൽകണമെന്നാണ് നിർമാതാവ് ആന്റണി പെരുമ്പാവൂർ ആവശ്യമുന്നയിച്ചത്. ഇത് കൂടാതെ സംസ്ഥാനത്തെ 200 തിയറ്ററുകളിലും. ചിത്രം മൂന്നാഴ്ച തുടർച്ചയായി പ്രദർശിപ്പിക്കണമെന്നും നിർമാതാവ് ആവശ്യപ്പെട്ടു. ഈ വ്യവസ്ഥകൾ അംഗീകരിക്കാൻ തിയറ്റർ ഉടമകൾ തയാറായില്ല. തുടർന്ന് ഫിയോക്കിന്റെ വൈസ് ചെയർമാൻ പദവി താൻ രാജിവയ്ക്കുന്നതായി അറിയിച്ച് ആന്റണി പെരുമ്പാവൂർ ചെയർമാൻ ദിലീപിന് കത്തുനൽകി. എന്നാൽ രാജി സംഘടന സ്വീകരിച്ചിട്ടില്ല.

മരക്കാറിനായി 10 കോടി രൂപ വരെ അഡ്വാൻസ് നൽകാമെന്ന് തിയറ്റർ ഉടമകളുടെ നേരത്തെ വാഗ്ദാനം ചെയ്തിരുന്നു. അതിനിടെ തിയറ്ററുകാർ ഒടിടിന്ന് രണ്ടുവർഷം മുമ്പ് വാങ്ങിയ തുക തിരികെ നൽകാമെന്ന നിർമാതാവ് ചേംബറിനെ അറിയിച്ചിട്ടുണ്ട്. 100 കോടി രൂപ ചെലവിൽ നിർമിച്ചെന്നു പറയുന്ന മരക്കാർ കോവിഡ് നിയന്ത്രണങ്ങൾക്കുശേഷം തിയറ്റർ റിലീസ് ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് നിർമാതാവ് ചർച്ചകളുമായി മുന്നോട്ടു പോയത്.

7427 പേർക്ക് കോവിഡ്: 62 മരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 7427 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. 62 പേർ മരിച്ചു. ഇന്നലെ 70,709 സാമ്പിളുകളാണ് പരിശോധിച്ചത്.

പ്രതിവാര രോഗപകർച്ചാ നിരക്ക് പത്തിനു മുകളിലുള്ള 77 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 115 വാർഡുകളാണുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 62 മരണങ്ങളാണ് കോവിഡ്-19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. അപ്പീൽ നൽകിയ 39 മരണങ്ങളും മതിയായ രേഖകളില്ലാത്തത് കാരണം സ്ഥിരീകരിക്കാതിരുന്ന കഴിഞ്ഞ ജൂൺ 18 വരെയുള്ള 257 മരണങ്ങളും റിപ്പോർട്ട് ചെയ്തു. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 31,514 ആയി.

തിരുവനന്തപുരം - 1001, കോഴിക്കോട് - 997, എറണാകുളം - 862, തൃശൂർ - 829, കൊല്ലം - 627, കോട്ടയം - 562, പത്തനംതിട്ട - 430, മലപ്പുറം - 394, പാലക്കാട് - 382, കണ്ണൂർ - 349, വയനാട് - 310, ആലപ്പുഴ - 285, ഇടുക്കി - 280, കാസർഗോഡ് -119 എന്നിങ്ങനെയാണു ജില്ലകളിലെ രോഗബാധ.

രോഗം സ്ഥിരീകരിച്ചവരിൽ 55 പേർ സംസ്ഥാനത്തിന് പുറത്തുനിന്നും വന്നവരാണ്. ചികിത്സയിലായിരുന്ന 7166 പേർ രോഗമുക്തി നേടി. ജനസംഖ്യയുടെ 94.7 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,52,96,660), 50.9 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (1,36,05,863) നൽകി.

മന്ത്രി വി.എൻ. വാസവന്റെ പ്രൈവറ്റ് സെക്രട്ടറിയെ മാറ്റി;

സംഘടനാപ്രവർത്തനത്തിനെന്നു വിശദീകരണം

● സ്വന്തം ലേഖകൻ
തിരുവനന്തപുരം:

സഹകരണ മന്ത്രി വി.എൻ. വാസവന്റെ പ്രൈവറ്റ് സെക്രട്ടറി സ്ഥാനത്തുനിന്ന് ജോർജ് മാത്യുവിനെ മാറ്റി.

സി.പി.എം. സംസ്ഥാന സെക്രട്ടേറിയറ്റിന്റെ തീരുമാനപ്രകാരം കൊല്ലത്തെ സി.പി.എം. സംഘടനാ ചുമതലകളിലേക്കാണു കഴിഞ്ഞയാഴ്ച മാറ്റിയത്. അദ്ദേഹം തിങ്കളാഴ്ച ഓഫീസ് വിടും. അടിഷണൽ പ്രൈവറ്റ് സെക്രട്ടറി മാത്തുക്കുട്ടിക്ക് പ്രൈവറ്റ് സെക്രട്ടറിയുടെ ചുമതല നൽകാനാണു തീരുമാനം. പാർട്ടി ലോക്കൽ സമ്മേളനങ്ങളിലേക്ക് കടന്നതോടെ കൊല്ലം ജില്ലയിൽ സി.പി.എം. സംഘടനാകാര്യങ്ങളുടെ നടത്തിപ്പിന് ജില്ലാ സെക്രട്ടേറിയറ്റംഗങ്ങൾ തികയാത്ത സാഹചര്യമുണ്ടായതിനെ തുടർന്നാണു മികച്ച സംഘാടകൻ കൂടിയായ ജോർജ് മാത്യുവിന്റെ മാറ്റം.

കുണ്ടറ, കരുനാഗപ്പള്ളി തെരഞ്ഞെടുപ്പ് തോൽവികളുമായി ബന്ധപ്പെട്ട നടപടികളുടെ ഭാഗമായി അടുത്തിടെ ജില്ലാ സെക്രട്ടേറിയറ്റംഗങ്ങളായ പി.ആർ. വസന്തനെയും എൻ.എസ്. പ്രസന്നകുമാറിനെയും ഏരിയാക്കമ്മിറ്റിയിലേക്കു തരംതാഴ്ത്തിയിരുന്നു. ബി. രാഘവൻ, ഇ. കാസിം എന്നിവരുടെ നിര്യാണത്തെ തുടർന്നുണ്ടായ ഒഴിവുകളും നിലവിലുണ്ട്. ജോർജ് മാത്യു മന്ത്രിയുടെ സ്റ്റാഫിലേക്കു പോയപ്പോൾ പതിനൊന്നംഗ സെക്രട്ടേറിയറ്റിൽ അഞ്ച് പേരുടെ ഒഴിവു കളെന്ന സ്ഥിതിയായി. സമ്മേളനങ്ങളുടെ തിരക്ക് കൂടിയായപ്പോൾ പാർട്ടി സംഘടനാരംഗത്ത് പ്രവർത്തിക്കാൻ നേതാക്കളെ തികയാത്ത സ്ഥിതിയായതോടെയാണു ജോർജ് മാത്യുവിനോട് പാർട്ടി ചുമതലയിലേക്ക് മടങ്ങാൻ സി.പി.എം. നേതൃത്വം നിർദേശിച്ചത്.

മുമ്പ് കൊട്ടാരക്കരയിൽ ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരേ ജോർജ് മാത്യു മത്സരിച്ചിട്ടുണ്ട്.

അലനും താഹയ്ക്കുമെതിരായ യു.എ.പി.എ; ഇടതുനിലപാട് വീണ്ടും ഓർമ്മിപ്പിച്ച് കാനം

● സ്വന്തം ലേഖകൻ
തിരുവനന്തപുരം



അലനും താഹയ്ക്കും മേൽ ചുമത്തിയ യു.എ.പി.എ നിയമം കോടതി റദ്ദാക്കിയതിൽ സി.പി. എമ്മിനു സി.പി.ഐയുടെ പരോക്ഷ വിമർശനം.

യു.എ.പി.എ. പോലുള്ള കരിനിയമങ്ങളിൽ ഇന്ത്യയൊട്ടാകെ ഇടതുപക്ഷത്തിന് ഒരു നയമുണ്ടെന്ന് സി.പി.ഐ. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ മാധ്യമങ്ങളോട് പറഞ്ഞു. കരിനിയമങ്ങൾ മനുഷ്യാവകാശ ലംഘനമാണെന്നാണ് ഇടതുപക്ഷ നിലപാട്.

പന്തീരാങ്കാവിൽ അലനും താഹയ്ക്കുമെതിരേ യു.എ.പി.എ. ചുമത്തിയ സംഭവത്തിൽ നേരത്തെ തന്നെ സി.പി.ഐ. നിലപാടെടുത്തതാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

എം.ജി സർവകലാശാല സെനറ്റ് തെരഞ്ഞെടുപ്പിനിടെയുണ്ടായ എസ്.എഫ്.ഐ- എ.ഐ.എസ്.എഫ് സംഘർഷത്തിലു അദ്ദേഹം പ്രതികരിച്ചു. മർദനമേറ്റവർക്കെതിരേ കേസെടുക്കുന്നത് പുതിയ സംഭവമല്ലെന്ന് അദ്ദേഹം പറഞ്ഞു. എം.ജി സർവകലാശാല സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സി.പി. ഐയുടെ യുവജന സംഘടനകൾക്ക് പ്രതികരിക്കാൻ കഴിവുണ്ട്. നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെയെന്നാണ് തങ്ങളുടെ നിലപാട്. ഇത്തരം സംഭവങ്ങൾ നേരിട്ട് തന്നെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി വളർന്നതെന്നും അദ്ദേഹം പറഞ്ഞു.

നാർക്കോട്ടിക്സ് ഈസ് എ ഡേർട്ടി ബിസിനസ്, തമ്പ്രാന്റെ മോൻ മദ്യം കഴിച്ചാൽ അത് കട്ടൻചായ

● സി.പി.എം. ഇരട്ടത്താപ്പിനെതിരേ ഒളിയമ്പുമായി അർജുൻ ആയങ്കി

കണ്ണൂർ: ബംഗളൂരു മയക്കുമരുന്ന് കേസുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ബിനീഷ് കോടിയേരിക്ക് ജാമ്യം ലഭിച്ച സംഭവത്തിൽ ഒളിയമ്പുമായി സ്വർണക്കടത്ത് കേസ് പ്രതി അർജുൻ ആയങ്കി. ബിനീഷ് കോടിയേരിക്ക് ജാമ്യംകിട്ടിയ വാർത്ത വന്ന ശേഷം പങ്കുവച്ച ഫേസ്ബുക്ക് പോസ്റ്റിലാണ് മുൻ സി.പി.എം. പ്രവർത്തകനായിരുന്ന അർജുൻ ആയങ്കി പരോക്ഷ വിമർശനം ഉന്നയിക്കുന്നത്. തമ്പ്രാന്റെ മോൻ മദ്യം കഴിച്ചാൽ അത് കട്ടൻചായ. കണ്ണുകെട്ടൽ, വായ്മൂടിക്കെട്ടി മൗനംപാലിക്കൽ. അടിയാന്റെ മോൻ കട്ടൻചായ കുടിച്ചാൽ അത് മദ്യം, ചാട്ടവാറടി, നോട്ടീസടിച്ച് വിതരണംചെയ്യൽ, നാടുകടത്തൽ. ?എന്നാണ് പോസ്റ്റ്. മയക്കുമരുന്ന് ഒരു വൃത്തികെട്ട ബിസിനസാണ് എന്നും അർജുൻ ആയങ്കി പോസ്റ്റിൽ ചൂണ്ടിക്കാട്ടുന്നു. പോസ്റ്റിനുചുവടെ നിരവധി കമന്റുകളും ഇതിനോടകം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. കരിപ്പൂർ വിമാനത്താവളം കേന്ദ്രീകരിച്ച് നടന്ന സ്വർണക്കടത്ത് കേസിൽ പിടിയിലായ അർജുൻ ആയങ്കിക്ക് അടുത്തിടെയാണ് ജാമ്യം ലഭിച്ചത്. കണ്ണൂർ അഴീക്കോട് സ്വദേശിയായ ഇയാൾ നേരത്തെ ഡി.വൈ.എഫ്.ഐ. യൂണിറ്റ് സെക്രട്ടറിയായിരുന്നു. സ്വർണക്കടത്ത് കേസിൽ പെട്ടതിന് പിന്നാലെ സംഘടനയിൽനിന്ന് പുറത്താക്കിയിരുന്നു.

മതേതരത്വം നഷ്ടപ്പെട്ടാൽ ഇന്ത്യ ഇന്ത്യയല്ലാതെയാകും: ഉമ്മൻചാണ്ടി

കൊച്ചി: മതേതരത്വം നഷ്ടപ്പെട്ടാൽ ഇന്ത്യ ഇന്ത്യയല്ലാതെയാകുമെന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറിയും മുൻ മുഖ്യമന്ത്രിയുമായ ഉമ്മൻചാണ്ടി. മതേതരത്വത്തിൽ വെള്ളം ചേർക്കുവാനുള്ള നടപടികൾക്കെതിരേ പോരാടിയത് കോൺഗ്രസാണ്. അതിന്റെ പേരിൽ വലിയ നഷ്ടവും അനുഭവിച്ച പ്രസ്ഥാനമാണ് കോൺഗ്രസ്. യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തിയ ഇന്ത്യ യുണൈറ്റഡ് പദയാത്രയുടെ സമാപന സമ്മേളനം ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വർഗീയതയ്ക്കെതിരായ പോരാട്ടത്തിൽ രാജ്യത്തിനു വേണ്ടി ജീവൻ നൽകിയ നേതാവാണ് ഇന്ദിരാഗാന്ധി.

സ്വാതന്ത്ര്യ സമരത്തിന്റെ തുടർച്ച യൂത്ത് കോൺഗ്രസ് ഏറ്റെടുക്കുകയാണ്. കാലഘട്ടത്തിന്റെ ആവശ്യമാണ് യൂത്ത് കോൺഗ്രസ് ഏറ്റെടുത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തീവ്രവാദം വിസ്മയമല്ല, ലഹരിക്ക് മതമില്ല, ഇന്ത്യ മത രാഷ്ട്രമല്ല എന്ന മുദ്രാവാക്യമുയർത്തി നടത്തിയ യുണൈറ്റഡ് ഇന്ത്യ പദയാത്രയുടെ സമാപന സമ്മേളനത്തിൽ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ഷാഫി പറമ്പിൽ എം.എൽ.എ അധ്യക്ഷത വഹിച്ചു.

കെ.പി.സി.സി വർക്കിങ് പ്രസിഡന്റ് പി.ടി തോമസ് എം.എൽ.എ, ബെന്നി ബഹനാൻ എം.പി, കെ.പി.സി.സി വൈസ് പ്രസിഡന്റ് വി.പി സജീന്ദ്രൻ, ജനറൽ സെക്രട്ടറി ബി.എ അബ്ദുൾ മുത്തലിബ്, ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് തുടങ്ങിയവർ പങ്കെടുത്തു.

പെരിയാറ്റിൽ ജലനിരപ്പ് ഉയരുന്നു; ആശങ്ക

കട്ടപ്പന: മുല്ലപ്പെരിയാർ അണക്കെട്ടിൽ സ്പിൽവേ ഷട്ടറുകൾ കൂടുതലായി തുറന്നതോടെ പെരിയാറിൽ ജലനിരപ്പ് ഉയർന്നു തുടങ്ങി. വെള്ളിയാഴ്ച്ച രാവിലെ 7.29 ഓടെയാണ് അണക്കെട്ടിൽ ഷട്ടറുകൾ ഉയർത്തിയത്. 824 ഘനയടി വെള്ളമാണ് വെള്ളിയാഴ്ച്ച പെരിയാറ്റിലേക്ക് ഒഴുക്കിയത്. ഈ സമയത്ത് പെരിയാറിൽ കാര്യമായി നീരൊഴുക്ക് വർധിച്ചിരുന്നില്ല. എന്നാൽ ശനിയാഴ്ച്ച രാവിലെ 11ന് 831 ഘനയടി വെള്ളം കൂടി അധികമായി തുറന്നു വിട്ടു. ഇതോടെ ആകെ തുറന്നുവിടുന്ന വെള്ളത്തിന്റെ അളവ് 1675 ഘനയടിയായി ഉയർന്നിരുന്നു. തുടർന്ന് വൈകിട്ട് നാലോടെ മൂന്നു ഷട്ടറുകൾ കൂടി തുറന്ന് 1299 ഘനയടി വെള്ളം കൂടി പെരിയാറിലേക്ക് ഒഴുക്കി. ഇതോടെ അണക്കെട്ടിൽ നിന്നും പുറത്തേക്ക് ഒഴുക്കുന്ന വെള്ളത്തിന്റെ അളവ് 2974 ഘനയടി ആയി ഉയർന്നു.

വെള്ളം കൂടുതലായി ഒഴുക്കി തുടങ്ങിയതോടെ ഇന്നലെ സന്ധ്യയോടെ പെരിയാറ്റിൽ ജലനിരപ്പ് ഉയർന്നു തുടങ്ങി. വള്ളക്കടവ്, വണ്ടിപ്പെരിയാർ പ്രദേശത്താണ് വെള്ളം കൂടുതലായി ഉയർന്നു തുടങ്ങിയത്. വീടുകളിൽ നിന്നും ആളുകളെ മാറ്റി പാർപ്പിച്ചിരുന്നതിനാൽ ആശങ്കയ്ക്ക് വകയില്ലെന്ന് ജില്ലാ ഭരണകൂടം അറിയിച്ചിട്ടുണ്ട്. അതേസമയം അണക്കെട്ടിലെ ജലനിരപ്പ് കുറയാതെ വരുന്നത് ആശങ്കയ്ക്ക് കാരണമാകുന്നുണ്ട്. നിലവിൽ തുറന്നു വിടുന്ന വെള്ളത്തിന്റെ അളവ് വർധിപ്പിച്ചാൽ വള്ളക്കടവ്, വണ്ടിപ്പെരിയാർ, ഉപ്പുതറ പ്രദേശങ്ങളിൽ തീരങ്ങളിൽ വെള്ളം കയറിയേക്കും. നിലവിൽ മഴ മാറി നിൽക്കുന്നതാണ് പ്രദേശത്ത് ആശ്വാസമാകുന്നത്. ഇന്നലെ വൈകിട്ട് നാലിന് ഷട്ടറുകൾ കൂടുതലായി തുറന്നതോടെ പെരിയാറ്റിൽ എത്രത്തോളം വെള്ളം ഉയരുമെന്ന് കാത്തിരിക്കുകയാണ് തീരദേശവാസികൾ. മുല്ലപ്പെരിയാർ: മുന്നൊരുക്കം സുസജ്ജമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ കുമളി: സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ റൂൾ കർവ് നിരപ്പായ 138 അടിയിൽ ജല നിരപ്പ് പിടിച്ചു നിർത്താൻ മുല്ലപ്പെരിയാറിൽ നിന്ന് ജലമൊഴുക്കിയാലും സുരക്ഷിതമായിരിക്കാനുള്ള മുന്നൊരുക്കം ജില്ലയിൽ സ്വീകരിച്ചിട്ടുണ്ടെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. തേക്കടി പെരിയാർ ഹൗസിൽ ചേർന്ന അവലോകന യോഗത്തിനു ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. പഞ്ചായത്ത് ജാഗ്രതാ സമിതികൾ ബോധവൽക്കരണത്തിന് രംഗത്തുണ്ട്. എൻ.ഡി.ആർ.എഫ്, പോലീസ് ഫയർഫോഴ്സ് എന്നിവർ കൂടുതൽ ജാഗ്രതയോടെ നിലയുറപ്പിച്ചിട്ടുണ്ട്. സ്കൂളുകൾ ക്യാമ്പുകളായുള്ളത് പുഴയുടെ സമീപമുള്ളതാണെങ്കിൽ ആളുകളെ മാറ്റി ഒന്നാം തീയതി സ്കൂൾ തുറക്കേണ്ടതില്ല. കുട്ടികളുടെ സുരക്ഷയ്ക്കു കൂടി വേണ്ടിയാണിത്. തമിഴ്നാട് ജലനിരപ്പ് ഉയരുന്നതിന്റെ കൃത്യമായ ജാഗ്രതാ നിർദ്ദേശം മുൻകൂട്ടി നൽകുന്നുണ്ട്. തുറക്കുന്നതിന് മുൻപ് അനുമതിയും തേടുന്നുണ്ട്. നമ്മുടെ നിലപാട് അംഗീകരിച്ച് തമിഴ്നാട് സഹകരിക്കുന്നുണ്ട്.

വൈകിട്ട് ആറിന് 1299 ക്യു സെക്സ് വെള്ളം തുറന്നുവിടുന്നത് നാലു മണിക്കാക്കണമെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിച്ചാണ് നാലു മണിക്ക് തന്നെ കുടുതൽ ഷട്ടർ തുറന്നതെന്നും മന്ത്രി പറഞ്ഞു.

അലന്റെയും താഹയുടെയും കുടുംബത്തോട് മുഖ്യമന്ത്രി മാപ്പ് പറയണം: വി.ഡി സതീശൻ

കൊച്ചി: മുഖ്യമന്ത്രി പിണറായി വിജയനും സർക്കാരും അലനോടും താഹയോടും മക്കൾ ജയിലിലായതിന്റെ വേദന അനുഭവിച്ച കുടുംബത്തോടും പരസ്യമായി മാപ്പ് പറയണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അലനും താഹയുമായി ബന്ധപ്പെട്ട കേസിൽ യു.എ.പി.എ ചുമത്തേണ്ട കേസല്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. അലനും താഹയും അറസ്റ്റു ചെയ്യപ്പെട്ട അന്നുമുതൽ യു.എ.പി.എ ദുരുപയോഗം ചെയ്തിരിക്കുകയാണെന്ന നിലപാടാണ് യു.ഡി.എഫ് സ്വീകരിച്ചത്. അവരുടെ വീട്ടിൽ നിന്നും ചില പുസ്തകങ്ങൾ കണ്ടെടുത്തെന്നാണ് പോലീസ് പറഞ്ഞത്. അതിനേക്കൾ വലിയ മാവോയിസ്റ്റ് ആശയങ്ങൾ പറയുന്ന പുസ്തകങ്ങൾ എന്റെ ലൈബ്രറിയിലുണ്ട്. അങ്ങനെയെങ്കിൽ എന്നെയും അറസ്റ്റു ചെയ്യണം. മാപ്പിൽ തീരുന്ന പ്രശ്നമല്ല. ഇത്രയും കാലം ജയിലിൽ കിടന്നതിന് എന്ത് പരിഹാരമാണ് ഉണ്ടാക്കുക. ഗ്രൂപ്പുകൾ കോൺഗ്രസിലെ ഒരു യാഥാർഥ്യമാണ്. ഗ്രൂപ്പുകൾ പാടില്ലെന്നു പറഞ്ഞിട്ടില്ല. എന്നാൽ ഗ്രൂപ്പുകൾ പാർട്ടിയേക്കാൾ വലുതാകാൻ പാടില്ല. ഗ്രൂപ്പ് പാർട്ടിയ വിഴുങ്ങാൻ സമ്മതിക്കില്ലെന്നത് താഴേത്തട്ടിലെ പാർട്ടി പ്രവർത്തകരുടെ നിലപാടാണ്. അതു തന്നെയാണ് നേതൃത്വത്തിന്റെ നിലപാടും.

ആർ.സി.സിയിലേക്കുള്ള രോഗികൾക്ക് കെ.എസ്.ആർ.ടി.സിയിൽ സൗജന്യ യാത്ര

തിരുവനന്തപുരം: ആർ.സി.സിയിലേക്കുള്ള രോഗികൾക്കും കൂടെയുള്ളവർക്കും യാത്ര ചെയ്യുന്നതിനായി കെ.എസ്.ആർ.ടി.സി. ആരംഭിച്ച സർക്കുലർ സർവീസ് ഗതാഗത മന്ത്രി ആന്റണി രാജു ഫ്ളാഗ് ഓഫ് ചെയ്തു. ആർ.സി.സി. ഡയറക്ടർ ഡോ. രേഖാ.എസ്. നായർ അദ്ധ്യക്ഷത വഹിച്ചു.

ആർ.സി.സിയിൽ നിന്നും പുറപ്പെടുന്ന ബസ് മെഡി: കോളജ് ബസ് സ്റ്റാൻഡ്, ചാലകുഴി. പട്ടം എൽ.ഐ.സി, കേശവദാസപുരം , ഉള്ളൂർ മെഡി: കോളജ് വഴി ആർ.സി.സിയിൽ എത്തുകയും, മറ്റൊരു സർവീസ് ആർ.സി.സിയിൽ നിന്നും പുറപ്പെട്ട് മെഡി: കോളജ്, വൈദ്യുതിഭവൻ, പട്ടം .എൽഐസി, ചാലക്കുഴി , മെഡി: കോളജ് വഴി ആർ.സി.സിയിൽ എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ഈ ബസുകളിലെ യാത്രാ നിരക്ക് 10 രൂപമാത്രമാണ്. എന്നാൽ ഈ സർവീസിലെ പതിനായിരം യാത്രക്കാരുടെ യാത്രാ നിരക്ക് നിംസ് മെഡിസിറ്റിയും. മറ്റൊരു പതിനായിരം യാത്രക്കാരുടെ യാത്രാ നിരക്ക് ആർ.സി.സിയിലെ തന്നെ കനിവ് എന്ന സംഘടനയുമാണു സ്പോൺസർ ചെയ്തിരിക്കുന്നത്.

വനപാലകർക്ക് എട്ട് മണിക്കൂർ ഡ്യൂട്ടി പരിഗണിക്കും: മന്ത്രി

പാലക്കാട്: വനപാലകർക്ക് എട്ട് മണിക്കൂർ ഡ്യൂട്ടി നടപ്പിലാക്കുന്നത് പരിഗണിക്കുമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ. കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡ്യൂട്ടിക്ക് ആനുപാതികമായി വിശ്രമം ലഭിക്കാത്തതിലൂടെ വനപാലകർ ജോലിയിൽ നേരിടുന്ന മാനസിക സമ്മർദങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ശാസ്ത്രീയമായി പഠിച്ച് വേണ്ട നടപടി എടുക്കും. വനംവകുപ്പ് സ്‌റ്റേഷനുകൾ വർധിപ്പിക്കുന്നതിന് പുറമെ ശാസ്ത്രീയമായി പരിശീലനവും നൽകും. വന സംരക്ഷണത്തിന് പുതിയ വാഹനങ്ങൾ ഉടനെ നൽകുമെന്നും മന്ത്രി പറഞ്ഞു.